**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2085** **21-06-2024 - ൽ മറുപടിയ്ക്ക്**

**നവ കേരള യാത്രയോടനുബന്ധിച്ച് പ്രതിഷേധക്കാർക്ക് എതിരെ എടുത്ത കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | നവ കേരള യാത്രയോടനുബന്ധിച്ച് കരിങ്കൊടി പ്രതിഷേധത്തിനിടെ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകന് പോലീസ് അകമ്പടി വാഹനം ഇടിച്ച് പരിക്കേറ്റ സംഭവത്തിൽ കേസെടുക്കുന്നതിന് കോടതി ഉത്തരവിടുകയുണ്ടായോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസെടുത്തിട്ടുണ്ടോയെന്നും ആർക്കെല്ലാം എതിരെ ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 95/2024 u/s 279,337,338 IPC & 134(a), (b) of MV Act പ്രകാരം വാഹനത്തിന്റെ ഡ്രൈവറെ പ്രതിയാക്കി കേസെടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസ് എന്നാണ് രജിസ്റ്റർ ചെയ്തതെന്നും കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (സി) | 23/01/2024-ൽ രജിസ്റ്റർ ചെയ്ത കേസ് അന്വേഷണ ഘട്ടത്തിലാണ്. |
| (ഡി) | നവ കേരള യാത്രയോടനുബന്ധിച്ച് പ്രതിഷേധക്കാർക്ക് എതിരെ ആകെ എത്ര കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (ഡി) | നവകേരള യാത്രയോടനുബന്ധിച്ച് ജനാധിപത്യപരമായി പ്രതിഷേധിച്ചതിന്റെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. അതിനിടയിൽ ചില ഭാഗങ്ങളിൽ സംഭവിച്ച നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് 349 കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുകയുണ്ടായി. |
| (ഇ) | നവ കേരള യാത്രയിൽ പങ്കെടുത്ത വാഹന ഡ്രൈവർമാരും സുരക്ഷ ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ ആകെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പരാതികളിൽ ആണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; കേസ് എടുത്ത പരാതികളിൽ കോടതി നിർദേശപ്രകാരം എടുത്ത കേസുകൾ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | 8 പരാതികൾ ലഭിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത 6 കേസുകളിൽ ബഹു. കോടതി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ